പറഞ്ഞതിനെക്കുറിച്ച് എനിക്കും പറയണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചതാണ്. അത് റൂൾ 120 അനുസരിച്ചല്ല. റൂൾ 120 ഇവിടെ പ്രസക്തമല്ല. റൂൾ 120 പറയുന്നത് No resolution which seeks to raise discussion on a matter .....ഇവിടെ ഒരു പ്രമേയം അല്ല. 120 അനുസരിച്ച് റസല്യൂഷനാണ്. അതിലാണ് സ്പീക്കർക്ക് ഡിസ്ക്രിഷനുള്ളത്.

ഡെപ്യൂട്ടി സ്പീക്കർ : ചെയർ, ചെയറിന്റെ റൂളിംഗ് നൽകുകയാണ് .....(ബഹളം).....

ശ്രീ. ബേബി ജോൺ : ഞാൻ കേസ്സിന്റെ മെറിറ്റിലേക്കു കടക്കുന്നില്ല. അതിഗൗരവമായ ഒരു പരാമർശം നമ്മുടെ അനിഷേധ്യ നീതിന്യായകോടതിയിൽ പൊതു താൽപ്പര്യത്തിന്റെ പേരിൽ.....

ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് ഇതിന്റെ മെറിറ്റിലേക്ക് പോകരുത്. റൂളിംഗിനെ സംബന്ധിച്ചു മാത്രമേ പറയാവൂ.

ശ്രീ. ബേബി ജോൺ : സർ, ഞാൻ കാര്യത്തിലേക്ക് പോകുന്നില്ല. കേസ്സിനെക്കുറിച്ച് ഒക്ഷരം പറയുകയില്ല.....ബഹളം..... പൊതു താൽപ്പര്യത്തിന്റെ പേരിൽ സർക്കാരിന്റെ അധികാരം മറയാക്കി.....

ഡെപ്യൂട്ടി സ്പീക്കർ : ഇതു കോടതിയെ സംബന്ധിച്ച പരാമർശനമാണ്. അതുകൊണ്ട് ചെയർ, ചെയറിന്റെ റൂളിംഗ് പറയുകയാണ്. ഇവിടെ ബഹുമാനപ്പെട്ട ബേബി ജോൺ ഉന്നയിച്ചത് " raise discussion on a matter pending before any statutory tribunal or statutory authority performing any judicial or quasi-judicial functions or any commission എന്നുള്ളതാണ്. ഇവിടെ പ്രസക്തമായിട്ടുള്ള റൂളിംഗ് മറ്റേ റൂളിംഗാണ്. റൂൾ 52-ൽ (vii) the motion shall not deal with a matter which is under adjudication by a court of Law having jurisdication in any part of India; ഇതിന്റെ അടിസ്ഥാനത്തിൽ ഞാൻ അങ്ങയുടെ സബ്മിഷന് അനുമതി നിഷേധിക്കുകയാണ്. ഞാൻ റൂളിംഗ് നൽകി കഴിഞ്ഞു. ഞാൻ രണ്ടു ഭാഗവും കേട്ടിട്ട് റൂളിംഗ് നൽകി. ഈ മാറ്ററിനെക്കുറിച്ച് ചെയറിനുള്ള റൂളിംഗ് നൽകി. അങ്ങ് ഉദ്ദേശിച്ചത് ഇവിടെ അഡ്ജൂഡിക്കേഷന്റെയോ അല്ലെങ്കിൽ കമ്മിഷന്റെയോ മുന്നിലുള്ള റൂളിംഗാണ്. നേരെമറിച്ച് ഇവിടെ മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ച മാറ്ററാണ് ഇപ്പോഴും ഇവിടെ പ്രസക്തമായിട്ടുള്ളത്. ആ അടിസ്ഥാനത്തിൽ അങ്ങയുടെ സബ്മിഷൻ ഞാൻ അനുവദിക്കുന്നില്ല. അതുകൊണ്ട് അടുത്ത വിഷയത്തിലേക്കു പോകുകയാണ്.

(IV.) ചട്ടങ്ങളുടെ ഭേദഗതികളുടെ അവതരണം

ശ്രീ. ആർ.എസ്. ഉണ്ണി : 1985 ഡിസംബർ 28-ാം തീയതിയിലെ ജി.ഒ. (എം. എസ്.) നമ്പർ 64/85/എൽ. ബി. ആർ. (എസ്. ആർ. ഒ. നമ്പർ 1771/85) മുഖേന പുറപ്പെടുവിച്ച 1985-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഉദ്യോഗസ്ഥന്മാരുടേയും ജീവനക്കാരുടേയും നിയമനം) സംബന്ധിച്ച ചട്ടങ്ങൾക്ക് 1, 3, 5, 6, 8, 10, 12, 14, 16 എന്നീ ഭേദഗതികളും ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : 1985 ഡിസംബർ 28-ാം തീയതിയിൽ (ജി. ഒ. എം. എസ്.) നമ്പർ 64/85/ എൽ. ബി. ആർ. (എസ്. ആർ. ഒ. നമ്പർ 1771/85) മുഖേന പുറപ്പെടുവിച്ച 1985-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഉദ്യോഗസ്ഥൻമാരുടേയും ജീവനക്കാരുടേയും നിയമനം) സംബന്ധിച്ച ചട്ടങ്ങൾക്ക് 2, 4, 7, 9, 11, 13, 15, 17) എന്നീ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

ഡെപ്യൂട്ടി സ്പീക്കർ : ഇതിനെ സംബന്ധിച്ച ചർച്ച പിന്നീട് നടത്തുന്നതാണ്.

ശ്രീ. ബേബി ജോൺ : ഈ മുഖ്യമന്ത്രി ആഭ്യന്തരവകുപ്പ് ഏറ്റെടുത്തശേഷം പോലീസിനെ കയറൂരി വിട്ടിട്ട്.....ബഹളം.....

ഡെപ്യൂട്ടി സ്പീക്കർ : ഇല്ല, ഇതേക്കുറിച്ച് ഇനിയൊരു ചർച്ച അനുവദിക്കുന്നതല്ല.

.....ബഹളം.....

(ഈ സമയം പ്രതിപക്ഷ മെമ്പർമാരിൽ ഏതാനുംപേർ സീറ്റിൽ നിന്നും എഴുന്നേറ്റ് ഡയസിനു സമീപം വന്നുനിന്ന് ഉച്ചത്തിൽ മുദ്രാവാക്യം വിളിച്ചുകൊണ്ടേയിരുന്നു.)

V. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

1. റിപ്പോർട്ടു പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പതാമത് റിപ്പോർട്ട്

ശ്രീ. എം. എം. ഹസ്സൻ : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പതാമത് റിപ്പോർട്ട് പരിഗണിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

(ബഹളം)

ശ്രീ. എ. സി. ജോസ് : ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ഡെപ്യൂട്ടി സ്പീക്കർ : റിപ്പോർട്ട് പരിഗണനയ്ക്കെടുത്തിരിക്കുന്നു. ബഹുമാനപ്പെട്ട അംഗങ്ങൾ എന്തു പറഞ്ഞാലും റൂൾ അനുസരിച്ചാണ് ഇവിടെ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുന്നത്.

(ബഹളം)

ഓർഡർ, ഓർഡർ സഭ അൽപ്പസമയത്തേക്കു നിറുത്തി വച്ചിരിക്കുന്നു.

(സഭ 11.02-ന് സഭ നിറുത്തി വച്ചു)

(നിയമസഭ 11.58-ന് വീണ്ടും ഡെപ്യൂട്ടി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു).

LIBRARY ARCHIVES Kerala Legislative Assembly